സ്ത്രീപക്ഷ മാധ്യമവിചാരം

Malayalam Language

# STREEPAKSHA MADHYAMAVICHARAM

**Editor: Dr. Suma Cyriac**

© The Editor


First Published : March 2016

Cover Design : Jyothis Narayanankutty

Layout : Renju Rajesh

Printing : Book Media

**Publishing**

Department of Malayalam

Assumption College, Changanacherry

Distribution

**Book Media**

Choondachery-686 579

Kottayam, Kerala, India.

Mob: +91 94462 88878

e-mail : bookmedia@gmail.com

web:www.bookmedia.in

ISBN: 978-81-89085-90-2

# ഉള്ളടക്കം


അവതാരിക ........................................ 8
- ലിഡ ജേക്കബ് ഐ.എ.എസ്.

1. ആനുകാലിക പെൺമാസികകളുടെ സംസ്കാര രാഷ്ട്രീയം ........................ 13
- ഡോ. സുമ സിറിയക്ക്

2. പുതുകാല മലയാള സിനിമകളിലെ സ്ത്രീ പ്രതിനിധാനങ്ങൾ ........................ 29
- ജയ്സിമോൾ അഗസ്റ്റിൻ

3. സ്ത്രീശാക്തീകരണം എന്ന പദത്തിന്റെ രാഷ്ട്രീയമാനങ്ങൾ ........................ 42
- സാന്ദ്ര ജൂലിയറ്റ് ജോസ്, ജോയ്സൺ ജോസ്

4. ജനപ്രിയനോവലിലെ സ്ത്രീ പ്രതിനിധാനങ്ങൾ ........................ 49
- സജിനിമോൾ പി.എസ്.

5. സ്ത്രീശാക്തീകരണവും വാർത്താചർച്ചകളിലെ സ്ത്രീപങ്കാളിത്തവും: ........ 55
- ഡെയ്സി എബ്രഹാം

6. സ്ത്രീ ശാക്തീകരണത്തിൽ ദിനപത്രങ്ങൾ വഹിക്കുന്ന പങ്ക് ........................ 64
- ജോമോൾ ജോസ്

7. സ്ത്രീ ശാക്തീകരണം മലയാള സിനിമയിൽ ........................ 75
- ശാന്തിനി തോമസ്

8. സ്ത്രീ അപമാനവീകരണം മാധ്യമങ്ങളിൽ ........................ 85
- ഡോ. ജോജി മാടപ്പാട്ട്

9. തൊലിവെളുപ്പിലൊതുങ്ങുന്ന ലിംഗസമത്വം ........................ 92
- ഡോ. ശ്രീകാന്ത് കെ.എൻ

10. സ്ത്രീകളും മാധ്യമങ്ങളും ........................ 97
- ഡോ. സി. മാർഗരറ്റ് മരിയ ജോസ്

11. സ്ത്രീ - രണ്ടാം സ്ഥാനക്കാരിയോ? ഒരു ചലച്ചിത്രാന്വേഷണം ........................ 103
- സിസ്റ്റർ. ജെസീനാ മാത്യു

12. നവസമൂഹമാധ്യമങ്ങളും സ്ത്രീ ശാസ്തീകരണവും ........................ 109
- മെൽബിൻ ജേക്കബ്

# 6

# സ്ത്രീ ശാക്തീകരണത്തിൽ ദിനപ്പത്രങ്ങൾ വഹിക്കുന്ന പങ്ക്

**ജോമോൾ ജോസ്,** അസി. പ്രൊഫസർ, മലയാള വിഭാഗം
സെന്റ് അലോഷ്യസ് കോളേജ്, എടത്വാ

സാമൂഹികബന്ധങ്ങളുടെ അടിസ്ഥാന ഘടകമാണ് കുടുംബം. കുടുംബത്തിന്റെ സുസ്ഥിതി നിർണയിക്കുന്നതിൽ അതിലെ സ്ത്രീകൾക്കുള്ള പങ്ക് അതിപ്രധാനമാണ്. അതുകൊണ്ടുതന്നെ ജനനം മുതൽ മരണംവരെ സ്ത്രീയെ കരുതേണ്ടത് മാനവകുലത്തിന്റെ ഉന്നതിക്ക് അനിവാര്യവുമാണ്. പുരുഷൻമാരുടെ ഒരു ലോകം എന്നതുപോലെ സ്ത്രീകളുടെ ഒരു ലോകവും സൃഷ്ടിക്കാൻ സാധ്യമല്ല. അതിന്റെ ആവശ്യവുമില്ല.

സ്ത്രീകൾ മനുഷ്യരാശിയുടെ ഒരു ഭാഗമാണ്. പുരുഷനോടൊപ്പം ബഹുമാനിക്കപ്പെടാനുള്ള അവകാശം അവൾക്കുണ്ടുതാനും. കുടുംബ ഭദ്രത മാത്രമല്ല; സാമൂഹ്യഭദ്രതപോലും ഒരുപരിധിവരെ സ്ത്രീയുടെ അധ്വാനം, സഹനശക്തി, ക്ഷമ മുതലായവയെ അടിസ്ഥാനപ്പെടുത്തിയാണ് ഇന്നോളം നിലനിന്നുപോന്നിട്ടുള്ളത്. സ്ത്രീകൾ എല്ലായിടത്തും ജോലിയെടുത്തുകഴിയുന്നവരാണ്. പരിമിതമായ ഒരു സംഖ്യ കഴിച്ചാൽ ബാക്കി സ്ത്രീകളെല്ലാവരും കഠിനാധ്വാനം ചെയ്ത് കഴിയുന്നവരാണ്. ഇവരിൽ മിക്കവരും 24 മണിക്കൂറിനുള്ളിൽ 40 മണിക്കൂറിലെ ജോലിചെയ്ത് വിശ്രമമെന്തെന്നറിയാതെ ജീവിക്കുന്നവരാണ്.

പുരുഷന് വിനോദവും വിശ്രമവും ഒരുക്കിക്കൊടുക്കുന്ന ച ന്തമേറിയ ഒരു അലങ്കാരവസ്തുവല്ല സ്ത്രീ. അവൾ ചിന്താശൂന്യ യായി വിടുപണിചെയ്യാനുള്ള ഒരു വെറും അടിമയുമല്ല. ഉത്തര വാദിത്വമുള്ള ഒരു കുടുംബിനി എന്നനിലയിൽ കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ജീവിതവ്യാപാരങ്ങൾ അവളുടെ വ്യക്തി ത്വത്തോട് ചേർന്നുനിൽക്കുന്നു. സ്ത്രീ സംരക്ഷണ വിഷയത്തിൽ വീഴ്ചകളുണ്ടാകുമ്പോൾ ജനാധിപത്യത്തിന്റെ നാലാം തൂണുക ളിലൊന്നായ ദിനപ്പത്രങ്ങൾ അവയുടെ കടമ എങ്ങനെ നിർവഹി ക്കുന്നു എന്ന ഒരന്വേഷണമാണ് ഈ ലേഖനം.

വിവരസാങ്കേതിക വിദ്യയുടേയും ദൃശ്യശ്രാവ്യമാധ്യമങ്ങളു ടേയും കടന്നുകയറ്റത്തിന് മുൻപ് വിവരവിനിമയ വിഷയത്തിൽ ദിനപ്പത്രങ്ങളുടെ പങ്ക് വളരെ വലുതായിരുന്നു. ഇന്നും അവയുടെ പ്രചാരത്തിന് ലോപമില്ല.

ജീവിതത്തിൽനിന്നാണ് പത്രങ്ങൾക്ക് വാർത്തകൾ ലഭിക്കുന്ന ത്. ആ വാർത്തകളുടെ പ്രചാരം സാമൂഹികമാറ്റങ്ങൾക്ക് പ്രേരക മാകുന്നു. അവ സാമൂഹ്യജീവിതത്തിന്റെ സ്പന്ദനങ്ങളെ നിയ ന്ത്രിക്കുന്നു. അതായത് ദിനപ്പത്രങ്ങളും അവ പ്രചരിക്കുന്ന സമൂ ഹത്തിന്റെ സാംസ്കാരിക-രാഷ്ട്രീയ സ്ഥിതിഗതികളും തമ്മിൽ അഭേദ്യമായ ഒരു വിനിമയബന്ധം നിലനിൽക്കുന്നു. ഈ ബന്ധം സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുന്നു.

സ്ത്രീസംബന്ധമായ വിഷയങ്ങളിൽ വളരെപ്രാധാന്യമർഹി ക്കുന്നവയാണ്. വിവാഹവും കുടുംബവും രക്ഷാകർത്താക്കളു ടേയും സമൂഹത്തിന്റെയും കണ്ണുകളിൽ വിവാഹമെന്നാൽ പെൺകുട്ടികളുടെ സുരക്ഷയ്ക്ക് ഏറ്റം അനിവാര്യമായ ഒന്നാണ്. പുറംലോകത്ത് നിറഞ്ഞുനിൽക്കുന്ന തൊഴിലില്ലായ്മ, മത്സരം, ദുര, അഴിമതി, അക്രമം ഇവയിൽനിന്നൊരു രക്ഷാസങ്കേതമായി കുടും ബത്തിന് നിലനിൽക്കാൻ സാധിക്കാത്ത ഒരു സാഹചര്യം ഇന്ന് സ്ത്രീയ്ക്കുണ്ട്. പാർശ്വവത്കരിക്കപ്പെട്ട കുടുംബങ്ങൾക്കുള്ള പുനർജനി പദ്ധതി '(പെൺതിങ്കൾ-മനോരമ ദിനപ്പത്രം) യിൽ വിധ വകൾ, അവിവാഹിത അമ്മമാർ, ഭർത്താവ് ഉപേക്ഷിച്ചവർ, ഗാർഹിക പീഢനം നേരിടുന്ന സ്ത്രീകൾ എന്നിവരുടെ പുനര ധിവാസ സൗകര്യങ്ങൾ വ്യക്തമാക്കുന്നു.

## തൊഴിൽപ്രശ്നങ്ങൾ

അമ്മമാരുടെ അനാരോഗ്യകരമായ ജീവിതസാഹചര്യങ്ങളി ലേയ്ക്കോ അപക്വമായ മാനസിക വ്യക്തിത്വങ്ങളിലേയ്ക്കോ വിരൽചൂണ്ടുന്ന തൊഴിൽ പ്രശ്നങ്ങൾ ഒട്ടും കുറവല്ല. പതിനായിരക്കണക്കിന് സ്ത്രീകൾ പങ്കെടുക്കുന്ന അസംഘടിത തൊഴിൽമേഖലകളിൽ പ്രസവകാല വേതനമോ അവധിയോ ഇല്ല. [2](മനോരമ) പെൺതിങ്കൾ പംക്തിയിൽ വനിതകൾക്കുള്ള സ്വയംതൊഴിൽ സംരംഭങ്ങളെയും സഹായങ്ങളെയും വിശദീകരിക്കുന്നു. പ്രധാനമന്ത്രിയുടെ തൊഴിലവസരസൃഷ്ടി പദ്ധതിപ്രകാരമുള്ള വായ്പകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

ലാഭമുണ്ടാക്കുകയെന്നത് പരമോന്നതലക്ഷ്യമായി ഭവിക്കുമ്പോൾ മുതലാളിത്തം മറ്റെല്ലാ പരിഗണനകളെയും അവഗണിച്ചുകളയുകയും സ്ത്രീകളെ വിൽപ്പനച്ചരക്കാക്കുകയും ചെയ്യുന്നു. ഉപഭോക്തൃ സംസ്കാരമാകുന്ന പറുദീസയിൽ സ്ത്രീകൾ ഉപഭോക്തൃ മനഃശാസ്ത്രത്തിന്റെ ഇരകളായിത്തീരുന്നു. മനുഷ്യൻ മനുഷ്യനെ തിന്നുകയെന്നത് നീതിയും പണമൊഴികെ യാതൊന്നും പവിത്രമല്ല എന്ന ചിന്താഗതിയും നിലനിൽക്കുമ്പോൾ സ്ത്രീകൾ ഭർത്തൃഗൃഹത്തിൽ അനുഭവിക്കുന്ന പീഡനങ്ങൾക്ക് കണക്കില്ല.

## ലൈംഗിക പീഡനങ്ങൾ

പണസമ്പാദനത്തിനുവേണ്ടി എന്തും ചെയ്യാം, എന്തിനെയും കമ്പോളച്ചരക്കാക്കി മാറ്റാം എന്ന സ്ഥിതിവിശേഷം നിലനിൽക്കുന്ന സാഹചര്യത്തിൽ ബലാൽസംഗക്കേസുകളും പെൺമക്കളെ വിൽക്കുന്ന മാതാപിതാക്കളുമൊക്കെ സ്വാഭാവികം തന്നെ. മംഗളം ദിനപ്പത്രത്തിലെ ഒരു മുഖപ്രസംഗം ഇവിടെ ശ്രദ്ധേയമാണ്. മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ 13 വയസുള്ള 6–ാം ക്ലാസുകാരി അതിക്രൂരമായ ലൈംഗിക പീഡനത്തിനിരയായ സംഭവത്തെ കേന്ദ്രീകരിച്ചായിരുന്നു മുഖപ്രസംഗം.[3] പണത്തിനായി മകളെ മാംസക്കച്ചവടക്കാർക്ക് എറിഞ്ഞുകൊടുത്തത് മാതാപിതാക്കൾതന്നെ. പെൺകുട്ടികൾ ഇന്ന് ഏറ്റവും അരക്ഷിതരായിരിക്കുന്നത്

സ്വന്തം വീടുകളിൽതന്നെ ആണെന്ന് വിവിധ പഠനറിപ്പോർട്ടുകൾ തെളിയിക്കുന്നു. ബലാൽസംഗക്കേസിൽ ഒത്തുതീർപ്പിന് പ്രസക്തിയില്ല എന്ന സുപ്രീം കോടതി വിധി സ്ത്രീകളുടെ അന്തസ് ഉയർത്തുന്ന വിധിയായി എന്ന് പത്രങ്ങൾ വിലയിരുത്തുന്നു.[4] ഇരകളുടെ മാനത്തിന് വിലയിട്ടുകൊണ്ടുള്ള മറ്റൊരു കച്ചവടമായിട്ടേ ഒത്തുതീർപ്പിനെ കാണാൻ കഴിയൂ. ഇത്തരം ഒത്തുതീർപ്പുകൾ നീതിന്യായ സംവിധാനങ്ങളുടെ പ്രസക്തിപോലും ഇല്ലാതാക്കുന്നു. ഒത്തുതീർപ്പുകൾ വാദിയെക്കാളും പ്രതികളുടെ ആവശ്യമാണെന്നിരിക്കെ നീതി നിഷേധിക്കുക, ഇരകൾക്കുതന്നെ സ്ത്രീകളുടെ ആത്മാഭിമാനം സംരക്ഷിക്കാൻ സമൂഹത്തിനുംകൂടെ ഉത്തരവാദിത്വം ഉണ്ടെന്ന് ഈ വിധിയിലൂടെ പരമോന്നത നീതിപീഠം വ്യക്തമാക്കിത്തരുന്നു എന്ന് മുഖപ്രസംഗകൻ വ്യക്തമാക്കി. ചില സാഹചര്യങ്ങളിൽ പീഡനസംഭവവുമായി ബന്ധമില്ലാത്തവരെ കുരുക്കിൽ വീഴ്ത്തുകയും പിന്നീട് കേസിൽനിന്ന് രക്ഷിക്കാൻ പണംചോദിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷങ്ങൾ നീതിന്യായവ്യവസ്ഥയുടെ ചരിത്രത്തിൽതന്നെ കേട്ടുകേൾവിയില്ലത്രെ.[5]

## തകരുന്ന ദാമ്പത്യബന്ധങ്ങൾ

നമ്മുടെ കൊച്ചുകേരളത്തിൽ വിവാഹമോചിതരാകാൻ കാത്തിരിക്കുന്നത് 18500 ദമ്പതിമാരാണ്.

തിരുവനന്തപുരം - 2744, എറണാകുളം - 2214, കൊല്ലം - 2055, തൃശൂർ - 1894, ആലപ്പുഴ - 1748, കോട്ടയം - 1300, കോഴിക്കോട് - 1230, പത്തനംതിട്ട - 1192, കണ്ണൂർ - 1161, പാലക്കാട് - 1096, മലപ്പുറം - 671, ഇടുക്കി - 546, കാസർകോഡ് - 408, വയനാട് - 240, ആകെ 18500.[6]

വിവാഹമോചനം നമ്മുടെ സാമൂഹികാവസ്ഥയിൽ സ്ത്രീകളെയും കുട്ടികളെയുമാണ് ഏറ്റം സങ്കടകരമായി ബാധിക്കുന്നത്. ഇനിയും മാറിയിട്ടില്ലാത്ത ദാമ്പത്യസങ്കൽപ്പങ്ങളും ആൺപെൺ ശ്രേണീബന്ധസങ്കൽപവും നിലനിൽക്കുന്ന നമ്മുടെ സമൂഹത്തിൽ കാര്യങ്ങളുടെ പോക്ക് അങ്ങനെയാണ്. ഇല ചെന്ന് മുള്ളിൽ വീണാലും മുള്ളുവന്ന് ഇലയിൽ വീണാലും എന്ന പഴഞ്ചൊല്ലിന്റെ

ഒഴികഴിവ് മറയാക്കി സ്ത്രീവിരുദ്ധമായി രക്ഷപ്പെടുന്നതാണ് ഇന്നും നമ്മുടെ സാമൂഹിക ശീലങ്ങൾ

## ലൈംഗിക പീഡനങ്ങൾ

മാതൃഭൂമി ദിനപ്പത്രത്തിന്റെ ഒരു വാരാന്തപ്പതിപ്പിൽ പോലീസ്കാരനെ തല്ലിയതിന് ജയിലിൽകിടന്ന ഒരു പഴയ പെൺ തീപ്പൊരിയായ സുഭദ്രാമ്മ തങ്കച്ചിയെ പരിചയപ്പെടുത്തുന്നു.[7] 1948-49 കാലം സുഭദ്രയ്ക്ക് വയസ് 24. മൂത്ത മകൾക്ക് 3 മാസം പ്രായമുള്ളപ്പോൾ ജന്മിത്വത്തിനെതിരായുള്ള സമരത്തിൽ ജ്യേഷ്ഠത്തി രാധമ്മയെ പോലീസ് അറസ്റ്റ്ചെയ്തു. രാധമ്മയെ കൊണ്ടുപോകരുതെന്ന് സുഭദ്ര ആക്രോശിച്ചപ്പോൾ ശൃംഗാരഭാവത്തോടെ ഒരു പോലീസുകാരൻ അവളെ കടന്നുപിടിച്ചു. "ശൃംഗാരത്തോടല്ല, വീര്യത്തോടാണ് എനിക്ക് പ്രിയമെന്ന് പറഞ്ഞ് കയ്യിൽ കിട്ടിയ വേലിപ്പത്തൽകൊണ്ട് ഞാനാ പോലീസുകാരനെ അടിച്ചു. അങ്ങനെ പോലീസുകാരനെ ആക്രമിച്ച കേസിൽ സുഭദ്ര ജയിലിലായി". ആ ഭൂതകാലജ്വാല നവതി പിന്നിടുന്ന സാഹചര്യത്തിൽ ആ സ്ത്രീശക്തിയെ 'മാതൃഭൂമി' സമൂഹത്തെ ഓർപ്പെടുത്തി.

ചില സ്ത്രീകൾ ഔദ്യോഗിക രംഗത്ത് ഏറെ മേൽത്തട്ടിലോ അതിനടുത്തോ എത്തിയിട്ടുണ്ട്. ഔദ്യോഗിക മേഖലയിൽ കൃത്യനിഷ്ഠയോടെ നിർവഹണം നടത്തുന്ന സ്ത്രീകളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ശ്രദ്ധേയമാണ്. പുരുഷന്റെ കുത്തകയായിരുന്ന പല മേഖലകളിലും ഇന്ന് സ്ത്രീകൾ സ്ഥാനമുറപ്പിച്ചിട്ടുണ്ട്. ഔദ്യോഗികമായി ഉന്നതപദവിയിലിരിക്കുന്ന സ്ത്രീകളെ സഹപ്രവർത്തകർ അപമാനിക്കുന്ന സംഭവങ്ങൾപോലും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.[8] **ഷിംല:-** ഹിമാചൽ പ്രദേശിൽ സഹപ്രവർത്തകയോട് അപമര്യാദയായി പെരുമാറിയ ജഡ്ജിയെ സസ്പെന്റ് ചെയ്തു. സിവിൽ ജഡ്ജിയുടേയും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയും ചുമതലവഹിക്കുന്ന ആളാണ് സസ്പെൻഷനിലായത്. 2015 ജൂൺ 11-13 വരെ 'മണാലി'യിൽ നടന്ന ഔദ്യോഗിക പരിപാടിക്കിടെ മോശം പരാമർശങ്ങൾ നടത്തുകയും സ്വകാര്യ റിസോർട്ടിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തതിനാണ് സസ്പെൻഷൻ നടത്തിയത്.

## ബാലവേല

സാമ്പത്തിക പിന്നോക്കാവസ്ഥയിൽ കഴിയുന്നവരും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നുവന്നിട്ടില്ലാത്തവരുമായ വലിയൊരുവിഭാഗം ജനങ്ങൾ രാജ്യത്തുണ്ടെന്ന വസ്തുത നമുക്ക് വിസ്മരിക്കാനാവില്ല. 2015 മെയ് ആദ്യവാരം കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയ 'ബാലവേല-നിരോധനവും നിയന്ത്രണവും' ഭേദഗതി ബില്ലിനെക്കുറിച്ച് ദീപിക ദിനപ്പത്രം എഡിറ്റോറിയലിൽ സൂചിപ്പിക്കുന്നു. "ബാലവേല നിയന്ത്രണ നിയമത്തിലെ ചില പഴുതുകൾ ഏറെ ദോഷകരമായി ബാധിക്കുന്നത് കുടുംബത്തിലെ പെൺകുഞ്ഞുങ്ങളെയായിരിക്കണം. ബീഹാർ പോലെയുള്ള സംസ്ഥാനങ്ങളിൽ ആൺ-പെൺ അനുപാതത്തിൽ പ്രകടമായ കുറവാണ് കാണിക്കുന്നത്. പെൺകുട്ടികൾക്ക് 2-ാം തരം പരിഗണന നൽകുന്ന സമൂഹത്തിൽ കർശനമായ ബാലവേല നിരോധനം ഏർപ്പെടുത്തിയില്ലെങ്കിൽ അതിന്റെപേരിൽ പെൺകുഞ്ഞുങ്ങൾക്ക് അക്ഷരാഭ്യാസംപോലും നിഷേധിക്കപ്പെട്ടേക്കാം."[9]

## വിധവയുടെ സ്വത്തവകാശം സംബന്ധിച്ച്

ഒരു കുടുംബത്തിന്റെ സാമ്പത്തിക നിലവാരം കുടുംബത്തിന്റെ വിദ്യാഭ്യാസോന്നതിക്കും സാമൂഹിക പദവിക്കും അടിസ്ഥാന ഘടകമാണ്. കുടുംബനാഥന്റെ മരണശേഷം കുടുംബത്തിന്റെ നായകത്വപദവി നിർവഹിക്കേണ്ടിവരുന്ന ഹിന്ദു സ്ത്രീകൾക്ക് അനുകൂലമായ ഒരു വിധി 2015 ജൂണിൽ ഉണ്ടായത് പത്രങ്ങളിൽ വാർത്തയായി.[10] 1954 ലെ "ഹിന്ദു പിൻതുടർച്ചാവകാശ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് മകൻ മരിച്ചാൽ അമ്മയ്ക്ക് ലഭിക്കുന്ന സ്വത്ത് കാലശേഷം മറ്റുമക്കൾക്കായി വീതിക്കപ്പെടില്ല" എന്നത് നിയമമായി. ഒരു ഹിന്ദു സ്ത്രീയ്ക്ക് അവളുടെ മരിച്ച പുത്രനിൽനിന്ന് അവകാശമായി ലഭിച്ച ഏതെങ്കിലും വസ്തു; ഒന്നാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മറ്റ് അനന്തരാവകാശികൾക്ക് അതിൽ നിർദ്ദേശിച്ച പ്രകാരം സംക്രമിക്കുന്നതല്ലാത്തതും എന്നാൽ മരിച്ച ഏത് പുത്രനിൽ നിന്നാണോ അവൾക്ക് വസ്തു അനന്തരാവകാശമായി ലഭിച്ചത് ആ പുത്രന്റെ അനന്തരാവകാ

ശികളിലേയ്ക്ക് സംക്രമിക്കുന്നതുമാകുന്നു.

## സ്വയം വിശകലനം നടത്തുന്ന ഉദ്യോഗസ്ഥ വനിതകൾ

വിദ്യാഭ്യാസം നേടിയ വനിതകൾ സാമൂഹികപ്രശ്നങ്ങളെ വിശകലനം ചെയ്യുന്ന സ്ഥിതിവിശേഷം ഇന്ന് അസാധാരണമല്ല. ആലപ്പുഴ ജില്ലയിൽ കഞ്ഞിക്കുഴി 'സംരക്ഷ' വനിതാ ചെണ്ടമേള സംഘം തങ്ങളുടെ എട്ടാം വാർഷികത്തിന്റെ ഭാഗമായി 'വെള്ളരിക്കാപട്ടണം' എന്ന പേരിൽ ഒരു നാടകം അവതരിപ്പിച്ചത് ദീപിക റിപ്പോർട്ട് ചെയ്തു.[11] സൗജന്യത്തിന് പിന്നാലേപായുന്ന മലയാളിയുടെ ശീലവും മറ്റ് ആനുകാലിക സംഭവങ്ങളും ആക്ഷേപഹാസ്യത്തിലൂടെ അവതരിപ്പിക്കുന്ന നാടകമായിരുന്നു ഇത്. മലയാള മനോരമ പെൺതിങ്കൾ- വനിതകളുടെ വാക്കും വിചാരവും പേജിൽവന്ന ചില പ്രതികരണങ്ങൾ ശ്രദ്ധേയമാണ്. വിവാഹധൂർത്തിനെ ഉദ്യോഗസ്ഥ വനിതകൾ ശക്തിയായി അപലപിക്കുന്ന ചിത്രം ഇതിൽ കാണാം. 'കടംവാങ്ങി വേണോ കല്യാണം?', 'സ്വയം നിയന്ത്രണം വേണം', 'ആഹാരത്തിലും മിതത്വം കാട്ടണം', 'വിവാഹം അനാഡംബരമായ കൂട്ടായ്മയാകണം' തുടങ്ങിയ ആശയങ്ങൾ ദിനപ്പത്രത്തിൽ അവർ പങ്കുവച്ചു. അതേ പത്രത്തിൽതന്നെ സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിയ നാലാം ക്ലാസ് തുല്യതാപരീക്ഷയിൽ വിജയിച്ച 92 വയസുകാരി മീനാക്ഷിയമ്മയെക്കുറിച്ച് വന്ന വാർത്തയും ഇവിടെ പ്രസ്താവ്യമാണ്.[12]

## പെൺ ഭ്രൂണഹത്യ

ഭ്രൂണഹത്യയെ അനുകൂലിക്കുന്ന നിയമഭേദഗതിക്കെതിരെ "സ്ത്രീസംരക്ഷണ നിയമങ്ങൾക്ക് മരണമണി" എന്ന തലക്കെട്ടിൽ സംസ്ഥാന വനിതാ കമ്മീഷൻ അംഗം ഡോ. ലിസി ജോസ് ദീപികയിൽ എഴുതി. ഒരു കാര്യം സ്പഷ്ടമാണ്. സ്ത്രീകൾക്കെതിരായ ഒരു വലിയ തിന്മയായ പെൺഭ്രൂണഹത്യ പൂർണമായി തടയുന്നതിലോ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിലോ 1994-ൽ നിലവിൽവന്ന PNDT ആക്ട് അമ്പേ പരാജയപ്പെട്ടു. കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുന്ന ഇന്ത്യൻ ശിക്ഷാനിയമം 498 A വകുപ്പിന്റെ ഭേദഗതിയിൽ ഭ്രൂണഹത്യയെ അനുകൂ

[illegible] 1994 [illegible] പെൺകുട്ടികൾ ജനിക്കുന്നത് ഒഴി[illegible] നിലനിർത്തുന്ന ഒരു [illegible] സൂചനയാണ്. അത് [illegible] അപമാനകരവുമാണ്.

## ബലാൽസംഗം

സ്ത്രീയുടെമേൽ പുരുഷൻ നടത്തുന്ന ഏറ്റം കിരാതമായ ആക്രമണമാണ് ബലാൽസംഗം. ഒരു പുഴുവിനോട് കാണിക്കേണ്ട പരിഗണനപോലും സ്ത്രീയോട് കാണിക്കാൻ മനസുകാണിക്കാത്ത പുരുഷവർഗം തന്റെ അധമവികാരത്തിന്റെ പൂർത്തീകരണത്തിനായി നടത്തുന്ന ബലാൽസംഗം മനുഷ്യ മനഃസാക്ഷിക്കു മുമ്പിൽ എന്നും ചോദ്യചിഹ്നമാണ്. 21-ാം നൂറ്റാണ്ടിലും ഏറ്റം പൈശാചികവും കിരാതവുമായ ഈ ദുഷ്കർമ്മം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ രഹസ്യമായും പരസ്യമായും അരങ്ങേറുന്നു. പഞ്ചാബിൽ ബസിൽ യാത്ര ചെയ്യുകയായിരുന്ന പെൺകുട്ടി ബലാൽസംഗത്തിനിടെ കൊല്ലപ്പെട്ട സംഭവത്തെ ദേശീയ നാണക്കേട് എന്നാണ് ദീപിക വിശേഷിപ്പിച്ചത്." "ദേശീയ നാണക്കേട് എന്ന് വിശേഷിപ്പിക്കേണ്ട ഈ സംഭവവികാസത്തെ ഏത് നിലയ്ക്കാണ് ന്യായീകരിക്കാനാവുക? സഹയാത്രികരുടെ ഭാഗത്തുനിന്നുണ്ടായ നിഷ്ക്രിയതയ്ക്ക് നീതീകരണമില്ല. ഈ നിർവികാരത നമ്മുടെ സമൂഹത്തിൽ പടർന്നുപിടിക്കുന്ന വലിയ വ്യാധിതന്നെ. ഇരുട്ട് വീണുതുടങ്ങിയാൽ പൊതുസ്ഥലങ്ങളിൽ നിൽക്കാനോ യാത്ര ചെയ്യാനോ സ്ത്രീകളടങ്ങിയ കുടുംബങ്ങൾക്കുപോലും സാധിക്കാത്ത അവസ്ഥയാണുള്ളതെങ്കിൽ അത് ഇന്ത്യൻ സമൂഹത്തിന്റെ വലിയ അധഃപതനം തന്നെ. ഡൽഹി കൂട്ടമാനഭംഗക്കേസിലെ വിസ്താരണയുമായി ബന്ധപ്പെട്ട് സ്ത്രീവിരുദ്ധ പരാമർശം നട

ത്തിയ അഭിഭാഷകർക്കെതിരെ സുപ്രീം കോടതി അഭിഭാഷകരുടെ സംഘടന (നിർഭയ) പരാതി നൽകിയ സംഭവം ശ്രദ്ധേയമാണ്. പ്രതികളുടെ അഭിഭാഷകരായ എം.എൽ. ശർമ്മയ്ക്കും എ.പി. സിംഗിനുമാണ് സുപ്രീം കോടതി നോട്ടീസയച്ചത്.[15]

## മാതൃത്വത്തിന്റെ മഹത്വമറിയുമ്പോൾ

വിദ്യാഭ്യാസപരമായും സാമൂഹികമായും മുൻപന്തിയിൽ നിൽക്കുമ്പോഴും തന്റെ മാതൃത്വവുമായി ബന്ധപ്പെട്ട കടമകൾക്ക് അർഹിക്കുന്ന പ്രാധാന്യം കൊടുക്കുന്ന ഉദ്യോഗസ്ഥവനിതകൾ നമ്മുടെ സാമൂഹിക ഔന്നത്യത്തിലേയ്ക്ക് തന്നെ വിരൽചൂണ്ടു ന്നു. സ്വന്തം ജോലി ഉപേക്ഷിച്ചുപോലും ശിശുപരിപാലനത്തിന് പ്രാധാന്യം കൊടുക്കുന്ന വിദ്യാസമ്പന്നകളായ ഉദ്യോഗസ്ഥവനി തകൾ സ്ത്രീശാക്തീകരണത്തെ അതിന്റെ യഥാർത്ഥ സത്തയോടെ ഉൾക്കൊള്ളുന്നുവെന്ന് പറയാം. അഹമ്മദാബാദ്, ബെംഗളൂരു, ചെന്നൈ, ഡൽഹി, മുംബൈ ഉൾപ്പെടെ 10 നഗരങ്ങളിൽ താമസി ക്കുന്ന 400 സ്ത്രീകൾ പങ്കെടുത്ത അസോഷ്യേറ്റഡ് ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി (അസോച്ചം) നടത്തിയ ഒരു പഠ നത്തിൽ 400-ൽ 100 പേരും ആദ്യകുഞ്ഞിനെ പരിപാലിക്കുന്നതി നായി ജോലി ഉപേക്ഷിച്ചവരാണ്.[16] മലയാള മനോരമയും കിൻഡർ ആശുപത്രിയും ചേർന്ന് വീട്ടമ്മമാർക്കായി നടത്തിയ ഒരു ശിൽപ ശാലയിൽ ആലപ്പുഴ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പ്രതിഭാ ഹരി ചോദിച്ചത് അമ്മമാരില്ലെങ്കിൽ നമ്മളുണ്ടോ എന്നാണ്.[17]

സ്ത്രീയുടെ സാമൂഹക പ്രശ്നങ്ങളിൽ ക്രിയാത്മകമായി പ്രതി കരിക്കുന്ന ഒരു മാധ്യമസംസ്കാരം നമുക്കുണ്ട്. ദൃശ്യമാധ്യമങ്ങൾ സ്ത്രീസൗന്ദര്യത്തെയും സ്ത്രീ സങ്കൽപ്പങ്ങളെയും വാണിജ്യ വൽക്കരിക്കുമ്പോൾ ഇന്നിന്റെ സ്ത്രീസമൂഹത്തിന്റെ നഗ്നമായ ഒരു ഛേദമുഖം വെളിച്ചത്തു കൊണ്ടുവരുന്നതിൽ ദിനപ്പത്രങ്ങൾ വിജ യിക്കുന്നു എന്ന് പറയാം. സ്ത്രീ സമൂഹത്തിന്റെ അനുദിന പ്രശ്ന ങ്ങളെ അവയർഹിക്കുന്ന പ്രാധാന്യത്തിൽ, വിമർശന ബുദ്ധി യോടെ വിശകലനം ചെയ്യാൻ ദിനപ്പത്രങ്ങൾ വായനക്കാർക്ക് ഏറെ സാധ്യതകൾ നൽകുന്നു എന്നത് നിസ്തർക്കമാണ്.

## സഹായക ഗ്രന്ഥങ്ങൾ

സ്ത്രീ, സ്ത്രീവാദം, സ്ത്രീവിമോചനം-കെ. ശാരദാമണി, ഡി.സി. ബുക്ക്സ്, കോട്ടയം. 1999 എഡി.

ത്രം - പുസ്തകം, ഉപദേശിയും-ഡി.സി. കിഴക്കേമുറി, ഡി.സി. ബുക്ക്സ്, കോട്ടയം. 1999 എഡി.

സാക്ഷരകേരളത്തിന്റെ സന്ദേഹങ്ങൾ-എസ്. ഗുപ്തൻ നായർ, എൻ.ബി.എസ്. പബ്ലിക്കേഷൻസ് 1975 എഡി.

സംസ്കാരപാരമ്പര്യങ്ങൾ-ഫാ. ജോസഫ് വലിയവീട്ടിൽ, എൻ.ബി.എസ്. പബ്ലിക്കേഷൻസ് 1975 എഡി.

ആരാണ് സംസ്കാരത്തെ ദുഷിപ്പിക്കുന്നത്?-വല്ലിക്കണ്ണൻ, ശ്രീദേവി ബുക്ക്ഹൗസ്, മദിരാശി 1999 എഡി.

### കുറിപ്പുകൾ

1. മലയാള മനോരമ - 16.5.2015
2. മലയാള മനോരമ - 16.5.2015
3. മംഗളം ദിനപ്പത്രം - 10.7.15
4. മംഗളം ദിനപ്പത്രം - 3.7.15
5. മംഗളം ദിനപ്പത്രം - 6.7.15
6. മാതൃഭൂമി ദിനപ്പത്രം - 9.3.2015
7. മാതൃഭൂമി ദിനപ്പത്രം - 10.4.2015
8. മാതൃഭൂമി ദിനപ്പത്രം - 3.7.2015
9. ദീപിക ദിനപ്പത്രം - 15.5.2015
10. മലയാള മനോരമ - 18.6.2015
11. ദീപിക ദിനപ്പത്രം - 17.5.2015
12. മലയാള മനോരമ - 8.6.2015
13. ദീപിക ദിനപ്പത്രം - 14.5.2015
14. ദീപിക ദിനപ്പത്രം - 4.5.2015
15. മാതൃഭൂമി ദിനപ്പത്രം - 25.3.2015
16. മലയാള മനോരമ - 10.5.2015
17. മലയാള മനോരമ - 10.5.2015